## ഗവ. എൽ. പി. സ്കൂൾ, മുണ്ടൂർ

മുണ്ടൂർ.പി.ഒ, പാലക്കാട് – 678 592

email : govt.lpsmundur@gmail.com, Web: www.glpsmundur.com

Ph : 0491 2930117, +91 9947790463


# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025

ACE Scanner

## പ്രശ്നങ്ങൾ – വെല്ലുവിളികൾ

- കുട്ടികളുടെ എണ്ണത്തിനനുസൃതമായി ഭൗതിക സാഹചര്യങ്ങൾ (കെട്ടിടം, ഫർണീച്ചറുകൾ, മറ്റു സൗകര്യങ്ങൾ) കുറവ്
- സ്വന്തമായി മൈതാനം ഇല്ല
- നവീന രീതിയിലുള്ള ഹൈ ടെക് ക്ലാസ് മുറികളുടെ കുറവ്
- കുട്ടികളെ വിദ്യാലയത്തിലെത്തിക്കാനുള്ള വാഹനങ്ങളുടെ കുറവ്
- ലൈബ്രറിയുടെ ഡിജിറ്റലൈസേഷൻ നടക്കണം
- മെച്ചപ്പെട്ട പുസ്തകങ്ങളുടെ അപര്യാപ്തത
- ക്ലാസ്സ് ലൈബ്രറികൾ നവീകരിക്കപ്പെടണം
- നിലവാരമുള്ള ശാസ്ത്രോപകരണങ്ങൾ കണ്ടെത്തണം
- ഗണിത ലാബ് ഭാഷാ ശാസ്ത്ര ലാബ് എന്നിവ ഇല്ല
- കായികോപകരണങ്ങൾ ലഭ്യമായിട്ടില്ല
- ഉച്ചഭക്ഷണ വിതരണത്തിന് പ്രത്യേക സൗകര്യമില്ല
- ഭക്ഷണം തയ്യാറാക്കാനും, പാകം ചെയ്യാനും നൂതന സൗകര്യങ്ങൾ കുറവ്
- പഠന യാത്രകൾ കാര്യക്ഷമമാക്കണം
- സ്വന്തമായി ഓഡിറ്റോറിയം ഇല്ല.

ACE Scanner

# ജൈവ വൈവിധ്യ പാർക്ക്

## ആമുഖം

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ കുതിച്ചുച്ചാട്ടം പലരംഗങ്ങളിലും ഏറെ മുന്നേറ്റം നടത്താൻ സഹായി ക്കുന്നുണ്ടെങ്കിലും അവമൂലം പല നാട്ടു നന്മകളും അന്യമാകുന്ന അവസ്ഥയും നാം വിസ്തരിച്ചു കൂടാ.

പ്രകൃതി ഒരു പാഠപുസ്തകമാണ്. നമുക്ക് പ്രകൃതിയിൽ നിന്ന് ഒട്ടേറെ പഠിക്കാനുണ്ട്. എങ്കിലേ പ്രകൃതി സംരക്ഷണബോധം കുട്ടികളിൽ വളരൂ. സഹജീവി സ്നേഹമുണ്ടാകൂ. സസ്യജാലങ്ങളുടെ പരസ്പരം ബന്ധം തിരിച്ചറിയൂ. ഈ തിരിച്ചറിവിൽ നിന്ന് ഉരുതിരിഞ്ഞു വന്നതാണ് ജൈവവൈവിധ്യപാർക്ക് എന്ന ആശയം. ഓരോ വിദ്യാലയങ്ങളിലും ജൈവവൈവിധ്യപാർക്ക് എന്ന സ്വപ്നം സാർത്ഥമാകുമ്പോൾ പ്രസ്തുത ലക്ഷ്യങ്ങളും സഫലീകരിക്കപ്പെടുന്നു.

## ലക്ഷ്യം

- പ്രകൃതി സംരക്ഷണ ബോധം കുട്ടികളിൽ വളർത്തുക
- സഹജീവി സ്നേഹം വളർത്തുക
- ജലസംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം വളർത്തുക
- പ്രകൃതി നിരീക്ഷണ പാടവം വളർത്തുക
- ഓരോ ചെടിയുടേയും ഔഷധഗുണം തിരിച്ചറിയുക

PDF Scanner ACE Scanner

# ജൈവ വൈവിധ്യ പാർക്ക്

## ആമുഖം

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലെ കുതിച്ചുച്ചാട്ടം പലരംഗങ്ങളിലും ഏറെ മുന്നേറ്റം നടത്താൻ സഹായി ക്കുന്നുണ്ടെങ്കിലും അവമൂലം പല നാട്ടു നന്മകളും അന്യമാകുന്ന അവസ്ഥയും നാം വിസ്തരിച്ചു കൂടാ.

പ്രകൃതി ഒരു പാഠപുസ്തകമാണ്. നമുക്ക് പ്രകൃതിയിൽ നിന്ന് ഒട്ടേറെ പഠിക്കാനുണ്ട്. എങ്കിലേ പ്രകൃതി സംരക്ഷണബോധം കുട്ടികളിൽ വളരൂ. സഹജീവി സ്നേഹമുണ്ടാകൂ. സസ്യജാലങ്ങളുടെ പരസ്പരം ബന്ധം തിരിച്ചറിയൂ. ഈ തിരിച്ചറിവിൽ നിന്ന് ഉരുതിരിഞ്ഞു വന്നതാണ് ജൈവവൈവിധ്യപാർക്ക് എന്ന ആശയം. ഓരോ വിദ്യാലയങ്ങളിലും ജൈവവൈവിധ്യപാർക്ക് എന്ന സ്വപ്നം സാർത്ഥമാകുമ്പോൾ പ്രസ്തുത ലക്ഷ്യങ്ങളും സഫലീകരിക്കപ്പെടുന്നു.

## ലക്ഷ്യം

- പ്രകൃതി സംരക്ഷണ ബോധം കുട്ടികളിൽ വളർത്തുക
- സഹജീവി സ്നേഹം വളർത്തുക
- ജലസംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം വളർത്തുക
- പ്രകൃതി നിരീക്ഷണ പാടവം വളർത്തുക
- ഓരോ ചെടിയുടേയും ഔഷധഗുണം തിരിച്ചറിയുക

PDF Scanner ACE Scanner

| നം | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | • ശലഭോദ്യാനം | ശലഭങ്ങളെ ആകർഷിക്കുന്ന സസ്യങ്ങൾ ശേഖരിക്കൽ (കൃഷ്ണകിരീടം, ജമന്തി, ചെമ്പരത്തി, മാങ്ങാനാറി, നാരകം, കറിവേപ്പ്) | 3 മൂന്നു മാസം | വിദ്യാലയങ്കണം | പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, കൃഷിഭവൻ | 2000 |
| 2 | • ഔഷധ സസ്യോദ്യാനം | ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ ഔഷധഗുണങ്ങൾ കണ്ടെത്തി വിവരശേഖരണം ഔഷധസസ്യങ്ങൾ നട്ടു വളർത്തൽ ആധുനിക രോഗങ്ങൾക്കും പ്രതിവിധി ആയുർവേദം- ബോധവത്ക്കരണം | നാല് മാസം തുടർപ്രവർത്തനം | വിദ്യാലയങ്കണം | നാട്ടിലെ പ്രായം ചെന്നവർ , പി.ടി.എ, അധ്യാപകർ, ആയുർവ്വേദ ഡോക്ടർ | 2000 |

ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| 3 | • ശലഭ നിരീക്ഷണം | ശലഭങ്ങളെ നിരീക്ഷിക്കൽ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കൽ (ശലഭത്തിന്റെ പേര്, അവയെ ആകർഷിക്കുന്ന ചെടി, ശലഭം വരുന്ന സമയം...) | തുടർ പ്രവർത്തനം | വിദ്യാലയാങ്കണം | പി.ടി.എ , അധ്യാപകർ | 2000 |
| 4 | • പക്ഷി നിരീക്ഷണം | പാർക്കിലെത്തുന്ന പക്ഷികളെ നിരീക്ഷിക്കൽ അവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തൽ | തുടർ പ്രവർത്തനം | ജൈവ വൈവിധ്യ പാർക്ക് | വിദഗ്ധരായ നാട്ടുകാർ, പി.ടി.എ | 2000 |
| 5 | • വൃക്ഷ സർവ്വേ | ജൈവ വൈവിധ്യ പാർക്കിലെ സസ്യങ്ങളുടെ സർവ്വേ പേര്; ശാസ്ത്രീയ നാമം എന്നിവയടങ്ങിയ | തുടർ പ്രവർത്തനം | ജൈവ വൈവിധ്യ പാർക്ക് | പി.ടി.എ , അധ്യാപകർ | 2000 |

ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| | | നെയിം ബോർഡ് സ്ഥാപിക്കൽ | | | | |
| 6 | • ജല സ്രോതസ്സ് സർവ്വേ | സമീപ പ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ കണ്ടെത്തൽ അവയുടെ നിലവിലെ അവസ്ഥയും മുൻകാല അവസ്ഥയും താരതമ്യം ചെയ്യൽ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | തുടർ പ്രവർത്തനം | | സമീപ വാസികൾ , പി.ടി.എ അദ്ധ്യാപകർ | 2000 |
| | | **ആകെ** | | | | **11000** |

# ടാലന്റ് ലാബ്

**ആമുഖം**

നമ്മുടെ മുന്നിലെത്തുന്ന ഓരോ കുട്ടിയും ഓരോ യൂണിറ്റുകളാണ്. ഓരോ കുട്ടിയിലും ചില സവിശേഷ വാസനകൾ ഒളിഞ്ഞുകിടക്കുന്നുണ്ടാകും. കുട്ടികളുടെ ഇത്തരം വാസനകൾ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുന്ന ഇടമായി വിദ്യാലയങ്ങൾ മാറേണ്ടതുണ്ട്. ഓരോരുത്തരും പ്രതിഭകളാണ് പക്ഷേ മരം കയറാനുള്ള ശേഷിയെ അടിസ്ഥാനമാക്കി ഒരു മത്സ്യത്തെ വിലയിരുത്തുക അസാധ്യമാണ് എന്ന ഐൻസ്റ്റിന്റെ വാക്യം ഇവിടെ ഏറെ പ്രസക്തമാണ്. ഇത്തരം ആശയങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന നൂതന സംവിധാനമാണ് ലാബ്. വിദ്യാലയം ഒരു ടാലന്റ് ലാബായി മാറുന്നതു വഴി

- കുട്ടികളിൽ സ്വയം മതിപ്പുണ്ടാക്കുന്നു
- പഠന താല്പര്യം വർദ്ധിക്കുന്നു
- സ്വഭാവ രൂപീകരണത്തിന് വഴിയൊരുക്കുന്നു
- അപകർഷധാബോധം മാറുന്നു
- തങ്ങൾക്കും ചിലത് ചെയ്യാൻ കഴിയും എന്ന് അഭിമാനിക്കാനാകുന്നു.

ഇത്തരത്തിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തി , അവരുടെ ആത്മാവിഷ്ക്കാരത്തിന് അവസരമൊക്കുന്നു.

ഒരു കലാ–കായിക സാഹിത്യ – സാംസ്ക്കാരിക പാർക്കായി വിദ്യാലയം വികസിക്കേണ്ടതുണ്ട്.

ACE Scanner

**ലക്ഷ്യം**

- കുട്ടികളുടെ സവിശേഷ പ്രതിഭകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- കുട്ടികളുടെ ആത്മവിശ്വാസം വളർത്തുക വഴി വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുക.
- മികച്ച സ്വഭാവരൂപീകരണത്തിന് വഴിയൊരുക്കി കൊണ്ട് സാമൂഹ്യതിൻമകൾ ഉന്മൂലനം ചെയ്യുക
- കുട്ടികളിലെ പഠനതാൽപ്പര്യം വയളർത്തുക
- കുട്ടികളുടെ അപകർഷധാബോധം ഇല്ലാതാക്കുക.
- സമൂഹത്തിലെ ഉത്തമ പൗരന്മാരായി വളരാൻ കുട്ടികളെ പ്രാപ്തരാക്കുക
- വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- കലാപഠനം
- കായിക പഠനം
- നാടകക്കളരി
- സാഹിത്യപോഷണം
- എൽ.എസ്.എസ് പരിശീലനം
- പദവൃക്ഷം
- ഒരു ദിവസം ഒരു കഥ പ്രതിവാര പ്രശ്നോത്തരി
- ദിനാചാരണങ്ങൾ
- ക്ലബ്ബ് പ്രവർത്തനങ്ങൾ
- പ്രവർത്തി പരിചയ പരിശീലനം
- പഠനോപകരണ നിർമ്മാണം –Workshop

PDF Scanner ACE Scanner

| നം | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കലാപഠനം | • നൃത്ത പരിശീലനം<br>• സംഗീത പരിശീലനം<br>• ഉപകരണ സംഗീതം<br>• ചിത്ര രചനാ ക്ലാസ്സ്<br>• നാടൻപാട്ട് പരിശീലനം<br>• നാടൻപാട്ട് സംഘം രൂപീകരിക്കൽ<br>• പൊതുവേദികളിൽ സംഘത്തിന് അവസരം നൽകൽ | ആഴ്ചയിലൊരിക്കൽ 2 മണിക്കൂർ ക്ലാസ്സ് (ശനിയാഴ്ച)<br>മാസത്തിലൊരിക്കൽ ഒരു ദിവസം | വിദ്യാലയം<br>വിദ്യാലയം നാട്ടിലെ ക്ലബ്ബുകൾ | • Dept. തലത്തിൽ വിദഗ്ദ്ധരുടെ<br>• പ്രസ്തുത മേഖലകളിൽ പ്രഗത്ഭരായ രക്ഷിതാക്കൾ<br>• അധ്യാപകർ<br>• പി.ടി.എ<br>• നാടൻ പാട്ട് സംഘം | 4000 |
| 2 | കായിക പഠനം | • കളിസ്ഥലമൊരുക്കൽ<br>• കളിയുപകരണങ്ങൾ ശേഖരിക്കൽ<br>• തുടർച്ചയായ പരിശീലനം<br>• മത്സരങ്ങൾ | ഒരു മണിക്കൂർ പരിശീലനം | വിദ്യാലയം മുണ്ടൂർ ഹൈ സ്ക്കൂൾ ഗ്രൗണ്ട് | • അധ്യാപകർ<br>• പി.ടി.എ<br>• എസ്.എസ്.ജി | 20000 |

PDF Scanner ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| | | സംഘടിപ്പിക്കൽ | | | | |
| നം | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
| 3 | നാടകക്കളരി | നാടക പരിശീലനം | രണ്ടാഴ്ചയിലൊരിക്കൽ ഒരു ദിവസം നീണ്ടു നിൽക്കുന്ന ക്ലാസ് | വിദ്യാലയം | • അധ്യാപകർ<br>• പി.ടി.എ | 10000 |
| 4 | സാഹിത്യ പോഷണം | • സർഗവേദി സാഹിത്യസമാജം<br>• ക്ലാസ് മാനസിക തയ്യാറാക്കൽ<br>• സ്ക്കൂൾ പത്രം തയ്യാറാക്കൽ<br>• സ്ക്കൂൾ റേഡിയോ<br>• വിദ്യാരംഗം ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• രചനാശില്പ രചനകൾ<br>• കവിയരങ്ങ്<br>• കഥാക്കൂട്ടായ്മ | 1 മണിക്കൂർ<br>തുടർ പ്രവർത്തനം | വിദ്യാലയം | അദ്ധ്യാപകർ<br>പി.ടി.എ<br>പൂർവ്വാവിദ്യാർത്ഥികൾ<br>വിദ്യാരംഗം ക്ലബ് യുവ എഴുത്തുകാർ | 20000 |

ACE Scanner

| നം | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 5 | എൽ.എസ്. എസ് പരിശീലനം | • പ്രീ-ടെസ്റ്റ്<br>• സ്ക്കൂൾ തല പരിശീലനം<br>• പഞ്ചായത്ത് തല പരിശീലനം | 1 മണിക്കൂർ/ ദിവസം | വിദ്യാലയം | അദ്ധ്യാപകർ | 5000 |
| 6 | പദവൃക്ഷം | • പാഠഭാഗത്തെ പുതിയ പദം പൂർണ്ണമായി മനസിലാക്കി മരത്തിൽ പ്രദർശിപ്പിക്കൽ | തുടർ പ്രവർത്തനം | | അദ്ധ്യാപകർ രക്ഷിതാക്കൾ | 1000 |
| 7 | ഒരു ദിവസം ഒരു കഥ | • സൂചനകളിൽ നിന്ന് ഒരു കഥ വികസിപ്പിക്കൽ (1-ാം ക്ലാസ് വാചികം) | ദിവസവും | വിദ്യാലയം | അദ്ധ്യാപകർ രക്ഷിതാക്കൾ | 1000 |
| 8 | പ്രതിവാദ പ്രശ്നോത്തരി | • ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കൽ<br>• ഇന്നത്തെ ചോദ്യം<br>• ഉത്തരശ്രീ<br>• പ്രതിവാരക്വിസ് | തുടർ പ്രവർത്തനം | വിദ്യാലയം | അദ്ധ്യാപകർ രക്ഷിതാക്കൾ | 10000 |

ACE Scanner

| | | | | | | |
|---|---|---|---|---|---|---|
| | | • വാരാന്ത്യ മെഗാ ക്വിസ് | | | | |
| നം | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
| 9 | ദിനാചരണങ്ങൾ | • ദിനാചരണ പ്രാധാന്യം തിരിച്ചറിയൽ<br>• സാമൂഹ്യ പ്രവർത്തനങ്ങ<br>• ളിലേക്ക് നീളുന്ന ദിനാചരണം | | വിദ്യാലയം പൊതു സ്ഥലങ്ങൾ | അധ്യാപകർ പി.ടി.എ നാട്ടുകാർ | 3000 |
| 10 | ക്ലബ്ബ് പ്രവർത്ത നങ്ങൾ | • താൽപര്യത്തിനനു സരിച്ച്<br>• മുഴുവൻ കുട്ടികളെയും വിവിധ ക്ലബ്ബുകളിൽ അംഗമാക്കി<br>• ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ | | | | 3000 |
| 11 | പ്രവൃത്തി പരിചയ പരിശീലനം | • തുന്നൽ പരിശീലനം<br>• ശില്പ നിർമ്മാണ പരിശീലനം | | | രക്ഷിതാക്കൾ കുടുംബശ്രീ നാട്ടിലെ ക്ലബ്ബുകൾ | 1000 |

PDF Scanner ACE Scanner

| നം | പരിപാടി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| | | • കുട നിർമ്മാണ പരിശീലനം<br>• കുട്ട, മുറം, പായ | | | | |
| | | നെയ്ത്ത് പരിശീലനം<br>• ചോക്ക് നിർമ്മാണ പരിശീലനം<br>• സോപ്പ് നിർമ്മാണ പരിശീലനം | | | | |
| 13 | പഠനോപകരണ നിർമ്മാണം Workshop | • പ്രമുഖരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം<br>• ഉപയോഗ ശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണം നിർമ്മിക്കൽ<br>• തയ്യാറാക്കിയ വില്പന | മാസത്തിലൊരിക്കൽ | | അധ്യാപകർ രക്ഷിതാക്കൾ കുടുംബശ്രീ | 500 |
| | | ആകെ | | | | 84000 |

# പഠനയാത്ര

**ആമുഖം**

ഓരോ യാത്രയും ഓരോ അനുഭവമാണ്. അനുഭവങ്ങളിലൂടെ ആർജ്ജിച്ച അറിവ് എന്നും ഓർമ്മയിൽ നിൽക്കുന്നു. കൂട്ടുകാരും അദ്ധ്യാപകരുമായുള്ള പഠനയാത്രകൾ പുതിയ കാര്യങ്ങൾ പഠിക്കാനും പഠിച്ചവ മനസ്സിലുറപ്പിക്കാനും സഹായകമാവും. കുട്ടികളുടെ പ്രായത്തിനും പഠന നേട്ടങ്ങൾക്കും അനുയോജ്യമായ ചെറിയ യാത്രകൾക്ക് അവരുടെ ഭാവി ജീവിതത്തിൽ വലിയ സ്വാധീനങ്ങൾ ചെലുത്താൻ കഴിയും.

**ലക്ഷ്യം**

പഠന നേട്ടങ്ങളെ ഒരനുഭവമായി കൂട്ടിയിണക്കുന്നതിനു വേണ്ടി അദ്ധ്യാപകരും കുട്ടികളും ചേർന്ന് തൊഴിലിടങ്ങളിൽ, സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുന്നു.

| നം | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | പ്രതീക്ഷിത ചിലവ് |
|---|---|---|---|---|---|
| 1 | പഠനയാത്രക്ലബ് രൂപീകരണം | ഒരേ ക്ലാസിൽ നിന്ന് കുട്ടികളെ | | ക്ലാസ്സ് ടീച്ചർ<br>സബ്ജക്ട് ടീച്ചർ | |
| 2 | പഠനയാത്രകൾ സംഘടിപ്പിക്കൽ | • പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പഠനനേട്ടങ്ങളുമായി | 10 മാസം | പി.ടി.എ<br>എം.പി.ടി.എ<br>സർക്കാർ | 5000 |

PDF Scanner ACE Scanner

# സ്ക്കൂൾ പാർലമെന്റ്

കുട്ടികളിൽ ജനാധിപത്യ ശീലങ്ങൾ സ്വാംശീകരിക്കുന്നതിനും നേതൃത്വ ശേഷി , പരസ്പര ബഹുമാനം, പൊതു നന്മയ്ക്കുവേണ്ടി ഒന്നിച്ച് പ്രവർത്തിക്കാനുള്ള മനോഭാവം വളർത്തുന്നതിനും ജനാധിപത്യം ഒരു ജീവിതരീതി എന്ന തലത്തിൽ പരിഗണിക്കുന്നതിനും വേണ്ടിയാണ് സ്ക്കൂൾ തല പാർലമെന്ററി പ്രവർത്തനങ്ങൾ.

**ലക്ഷ്യങ്ങൾ**

- ജനാധിപത്യ സംവിധാനം അറിയുക
- ഇന്ത്യൻ പാർലമെന്ററി പരിചയം
- തേതൃത്വശേഷി വളർത്തൽ
- പരസ്പര ബഹുമാനം , സഹകരണ മനോഭാവം നേടൽ
- സാമൂഹ്യ പ്രതിബദ്ധത, പരസ്പരം പങ്കുവെക്കൽ
- ദേശീയബോധം രൂപപ്പെടുത്തുക
- പൗരാവകാശങ്ങളും കടമകളും ബോധ്യപ്പെടൽ

PDF Scanner ACE Scanner

# പ്രതിഭാപോഷണ പരിപാടി

പ്രതിഭകളായ കുട്ടികളെ പ്രോത്സാഹിപ്പിക്കുനനതിനായി നിരവധി പരിപാടികൾ ആവിഷക്കരിച്ച് നടപ്പിലാക്കി വരുന്നു. യുറീക്കാ വിഞ്ജാനോത്സവം , എൽ, എസ്,എസ് പരിശീലനം, വിവിധ ക്വിസ് മത്സരങ്ങൾ

**ലക്ഷ്യങ്ങൾ**

- മികച്ച കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകൽ, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കൽ

| നം | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ക്വിസ് മത്സരങ്ങൾ | • ചോദ്യബാങ്ക് തയ്യാറാക്കുന്നു.<br>• അസംബ്ലി, ഉത്തരശ്രീ, അറിയാം പറയാം മറ്റു പ്രത്യേക സന്ദർഭങ്ങൾ ഇവയിൽ ക്വിസ് സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ | | കുട്ടികൾ അദ്ധ്യപകർ | 3000 |
| 2 | സംവാദങ്ങൾ | പഠനപ്രവർത്തന ങ്ങളുമായി ബന്ധിപ്പിച്ച് ക്ലാസുതലം സ്ക്കൂൾ തലം സംവാദം | മാസത്തിലൊരു തവണ | | കുട്ടികൾ അദ്ധ്യാപകർ | |

ACE Scanner

## ഉച്ചഭക്ഷണം...മെച്ചഭക്ഷണം

എഴുന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം വളരെ പോഷക സമ്പന്നമായി നൽകി വരുന്നു.

### ലക്ഷ്യങ്ങൾ

- അടുക്കള കെട്ടിടം നവീകരിക്കാൻ
- ഡൈനിംഗ് ഹാളിന്റെ നിർമ്മാണം
- ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം.
- സ്റ്റീം കിച്ചൺ
- ഫ്രിഡ്ജ്
- ഓരോ ബ്ലോക്കിനു മുന്നിലും കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ
- എല്ലാ കുട്ടികൾക്കും ആവശ്യമായ പാത്രങ്ങളും ഗ്ലാസുകളും ഉറപ്പുവരുത്തൽ
- ഡിഷ് വാഷർ സംവിധാനം ഏർപ്പെടുത്തൽ

ACE Scanner

# പിന്നോക്കക്കാർക്കൊരു കൈത്താങ്ങ്

## ആമുഖം

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം മുൻനിർത്തി വൈവിധ്യമാർന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന്റെ ഫലമായി പൊതുവിദ്യാലയങ്ങൾ ഇന്ന് ഏറെ ഉടച്ചുവാർക്കപ്പെട്ടിരിക്കുന്നു. കെട്ടിലും മട്ടിലും പ്രവർത്തനങ്ങളിലും ഇന്ന് ഈ മാറ്റം പ്രകടമാണ്. കണ്ടും, കേട്ടും അറിഞ്ഞും നമ്മുടെ കുട്ടികൾ പുതിയ അറിവുകൾ സ്വായത്തമാക്കുന്നു. തന്റെ ഉള്ളിലുള്ള ആശയങ്ങൾ തനിമയോടെ അവതരിപ്പിക്കാൻ വൈവിധ്യമാർന്ന മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കുട്ടികൾക്ക് അവസരമൊരുക്കുന്നു. എന്നിരുന്നാലും വളരെ ചെറിയൊരു വിഭാഗം കുട്ടികൾക്ക് തങ്ങളുടെ ആശയങ്ങൾ ലിഖിത രൂപത്തിൽ പ്രകടിപ്പിക്കുവാൻ പ്രയാസം നേരിടുന്നു. മറ്റു തരത്തിലുള്ള ആശയപ്രകടനശേഷി ഉണ്ടെങ്കിലും ഇക്കൂട്ടരെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകൾ നൽകി പഠനപിന്നോക്കാവസ്ഥയിലേക്ക് തള്ളിമാറ്റപ്പെടുന്നു എന്നാണ് ഈ പഠന പിന്നോക്കാവസ്ഥയ്ക്ക് കാരണം. ശാരീരികം, മാനസികം, ഭൗതികം, സാമ്പത്തികം, ശാർഗികം, സാമൂഹികം എന്നീ മേഖലകളിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ പഠന പിന്നോക്കാവസ്ഥയിലേക്ക് നയിക്കുന്നു.

## ലക്ഷ്യം

- പഠനപിന്നോക്കാവസ്ഥയിൽ നിന്നും കുട്ടികളെ കൈപിടിച്ചുയർത്തുക.
- വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക.
- സമൂഹത്തിൽ ഉത്തമപൗരനായി വളരുവാന്ഡ കുട്ടികളെ പ്രാപ്തരാക്കുക.
- വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുക.

ACE Scanner

# വായനാ പരിപോഷണം

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ ( എഴുത്തുകൂട്ടം)

## ആമുഖം

"വായിച്ചു വളരുക ചിന്തിച്ചു വിവേകം നേടുക" എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും, എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം- വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കുക, ഒപ്പം മികച്ച എഴുത്തുകാരനാക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

അറിവ് ഓരോ മനുശ്യനേയും സ്വതന്ത്രനാക്കുന്നു. അതിന് വായന കൂടിയേ തീരൂ. ഇന്ന് പാഠപുസ്തകത്തിനു പുറമേയുള്ള കുട്ടികളുടെ വായനശീലം പരിതാപകരമാണ്. വിദ്യാലയത്തിൽ മൂവായിരത്തോളം പുസ്തക ങ്ങളുള്ള ഒരു ലൈബ്രറിയുണ്ട്. കൂടാതെ ജനകീയ സഹകരണത്തോടെ ഈ വർഷം ആയിരത്തിലധികം പുസ്തകങ്ങൾ സമാഹരിച്ചിട്ടുണ്ട്. കുട്ടികൾക്കൊപ്പം അമ്മ വായനയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും ഇതിന് പിന്നിലുണ്ട്.

## ലക്ഷ്യം

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്തുകൂട്ടം
- അമ്മവായന

ACE Scanner

# ലൈബ്രറി നവീകരണം

## ആമുഖം

മുണ്ടൂർ ജി.എൽ.പി സ്കൂളിൽ സജ്ജമാക്കിയിട്ടുള്ള "അക്ഷരായനം" ലൈബ്രറി മികവുറ്റതാക്കി മാറ്റാനും കുട്ടികളെ വായനാലോകത്തേക്ക് ആകർഷിക്കാനുമുള്ള പദ്ധതികളാണ് 2010-11 അധ്യയന വർഷത്തിൽ ലൈബ്രറി നവീകരണത്തിലൂടെ ആവിഷ്കരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

പശ്ചാത്തലം

അക്ഷരായനം എന്ന പേരിൽ സ്കൂൾ ലൈബ്രറി പ്രവർത്തിച്ചു വരുന്നു. ഏകദേശം 2436 പുസ്തക ങ്ങളാണ് നിലവിലുള്ളത്. ബാലസാഹിത്യം, കഥ, കവിത, ശാസ്ത്രം എന്നിങ്ങനെ വിവിധ മേഖലകളാക്കി പുസ്തകങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

PDF Scanner ACE Scanner

# ENGLISH

## Preface

The weakers of the students in the English is in the main challenge facing by our public education system .So G.U.P.S Kongad started various actions to uplift our childrens .Both the teachers and students are getting more and more chances to develop their language skill. So the childrens become more competative then the part.We are submitting a detailed action plan for boosting our childrens language.

## Aims

- Enchance the language ability
- Empower the confidence and communicative skill using AI programme
- Make the children competative to satisfy the need of society
- Build up an atmosphere of English

PDF Scanner ACE Scanner

# ഗണിതം .... മധുരം .....

**ആമുഖം**

യുക്തി ചിന്ത വികസിപ്പിക്കുന്നതിനും പ്രശ്നപരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കുന്നതിനും അനിവാര്യമാണ്. ഗണിതപഠനം ആസ്വാദകരമാക്കുക എന്നത് എന്നും ഒരു വെല്ലുവിളിയാണ്. നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നത് പ്രതിവിധിയാണ്. എൽ.പി ക്ലാസ്സുകളിൽ ഗണിതകേളികൾക്ക് മുൻതൂക്കം നൽകണം. അമൂർത്തമായ ഗണിതാശയങ്ങൾ ഉറയ്ക്കുന്നതിന് ഉപകരണങ്ങളുടെ പ്രസക്തി ഏറെയാണ്. ഇവിടെയാണ് ഗണിതലാബുകളുടെ ആവശ്യകത. ഓരോ ക്ലാസ്സിലെയും പഠനനേട്ടങ്ങൾക്കും അനുയോജ്യമായ രീതിയിൽ സാധനങ്ങൾ ഉൾപ്പെടുത്തി ഗണിതലാബ് സജ്ജീകരിക്കുക വളരുന്ന ഗണിതലാബ് രൂപീകരിക്കുക എന്നത് ഒരു ദൗത്യമാണ്.

ACE Scanner

## ശാസ്ത്രം – പ്രവർത്തനമാണ്

### ലക്ഷ്യങ്ങൾ

- ശാസ്ത്ര താത്പര്യവും, ശാസ്ത്രബോധവും വളർത്തിയെടുക്കൽ
- ശാസ്ത്ര പഠനം – നിത്യജീവിതത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാക്കൽ
- ശാസ്ത്രം സാമൂഹ്യ നന്മക്ക് എന്ന ബോധം ഉളവാക്കുക
- ശാസ്ത്ര ലാബുകൾ പ്രയോജനപ്പെടുത്തൽ
- ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ പരിചയപ്പെടുത്തൽ
- സ്വന്തമായി ഒരു പരീക്ഷണം രൂപകല്പന ചെയ്യാൻ പ്രാപ്തരാക്കൽ
- പ്രോജക്ടുകൾ, ശാസ്ത്രക്കുറിപ്പുകൾ, മാഗസിനുകൾ, ഗവേഷണങ്ങൾ, തുടങ്ങിയ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുക.
- ശാസ്ത്ര പുസ്തകങ്ങളെ പരിചയപ്പെടൽ
- പ്രകൃതിയിലേക്കിറങ്ങി ശാസ്ത്രപഠനം ആസ്വാദ്യകരമാക്കൽ
- ഫീൽഡ് ട്രിപ്പുകൾ, വനപരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

### പ്രവർത്തനങ്ങൾ

- ശാസ്ത്ര താത്പര്യം വളർത്തിയെടുക്കൽ
- നിത്യജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളും ശാസ്ത്രബോധത്തോടെ നിരീക്ഷിച്ച് അറിയൽ
- ശാസ്ത്ര പാഠങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടൽ
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
- ക്ലബ്ബ് പ്രവർത്തനങ്ങൾ വിപുലീകരിക്കൽ

PDF Scanner ACE Scanner

## പ്രീപ്രൈമറി

പ്രീപ്രൈമറി വിദ്യാഭ്യാസം ഇന്ന് പൊതുവിദ്യാഭ്യാസത്തിന്റെ അംഗമാണല്ലോ. ഇരുന്നൂറിലധികം കുട്ടികൾ പഠിക്കുന്ന പ്രീപ്രൈമറി വിഭാഗം "വർണ്ണക്കൂടാരം" പദ്ധതിയിലൂടെ ഭൗതിക സാഹചര്യത്തിൽ മികച്ച നിലവാരത്തിൽ എത്തിയിട്ടുണ്ട്. പിഞ്ചു കുഞ്ഞുങ്ങളുടെ ബുദ്ധിപരവും, മാനസികപരവുമായ വളർച്ചക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തിലൂടെയാണ് നമ്മുടെ പ്രീപ്രൈമറി പ്രവർത്തിക്കുന്നത്. അതിനായി വിദ്യാലയത്തിൽ ഇനിയും സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.

| നം | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പോഷകാഹാരം വിതരണം ചെയ്യാനുള്ള ഇടം (ഡൈനിംഗ് ഹാൾ) | • സമിതി രൂപീകരിക്കൽ<br>• പഞ്ചായത്തിന്റെ അനുവാദം വാങ്ങൽ<br>• സ്ഥലം നിശ്ചയിക്കൽ<br>• പ്ലാൻ തയ്യാറാക്കൽ<br>• ഫണ്ട് സ്വരൂപിക്കൽ<br>• നിർമ്മാണം, വാട്ടർ കണക്ഷൻ, തൊഴിലാളികൾ, പാത്രങ്ങൾ | 2 വർഷം | ഡൈനിംഗ് ഹാൾ | പഞ്ചായത്ത്<br>പൊതുജന പങ്കാളിത്തം | 100000 |

## സാമൂഹ്യമേഖല

**ആമുഖം**

ഒരു വിദ്യാലയത്തിന്റെ വികസനം എന്നത് സമൂഹത്തിന്റെ നിരന്തരമായ ഇടപെടലുകളുടെ ഫലമാണ്. സമൂഹം വിദ്യാലയത്തിനും വിദ്യാലയം സമൂഹത്തിനും എന്ന ആശയത്തിലൂന്നിക്കൊണ്ടായിരിക്കണം വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഇവ രണ്ടും പരസ്പര പൂരകങ്ങളായി വർത്തിക്കേണ്ടതാണ്. ഇതിലൂടെ വിദ്യാലയത്തിന്റെ സാർവ്വത്രികമായ വികസനം സാമൂഹിക വികസനത്തിനു കൂടി ആധാരമാകുന്നു. വിദ്യാലയത്തിന്റെ ഭൗതികവും, അക്കാദമികവുമായി വികസന പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, പൊതു ജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി കൂട്ടായ്മകൾ രൂപീകരിക്കേണ്ടതുണ്ട്.

**ലക്ഷ്യം**

- വിദ്യാലയ വികസനത്തിന് സാമൂഹിക പങ്കാളിത്തം

**പ്രവർത്തനങ്ങൾ**

- ഹരിതമിത്രം
- കോർണർ പി.ടി.എ
- അമ്മ വായന
- ബുൾ –ബുൾ
- കാരുണ്യ നിധി
- രക്ഷാകർത്തൃ ബോധവത്കരണം
- വിദ്യാർത്ഥികളുടെ ഭവന സന്ദർശനം
- നല്ല പാഠം – സീഡ് പദ്ധതി
- മാലിന്യ സംസ്ക്കരണ പ്ലാന്റ്
- നന്മ – ഹോണസ്റ്റി ഷോപ്പ്

PDF Scanner ACE Scanner

# നാടിന്റെ വിദ്യാലയം മികവിന്റെ പാതയിൽ

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി നമ്മുടെ വിദ്യാലയം നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഒരു വിദ്യാലയത്തിന്റെ യാത്ര അവിടെ നടത്തുന്ന പ്രവർത്തനങ്ങളും അതിലൂടെ വിദ്യാലയം കൈവരിക്കുന്ന മികവുകളാണ്. ഇത് കുട്ടിക്ക് സമൂഹത്തിൽ ഇടപെടാനുള്ള വലിയ ഉൾക്കരുത്ത് ലഭ്യമാക്കാം. ഇവിടെ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അതിന് മുതൽക്കൂട്ടാവും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതിന് സമൂഹത്തിന്റെയും സംവിധാനങ്ങളുടെയും (പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, വിദ്യാഭ്യാസ വകുപ്പ്) ആത്മാർത്ഥമായ പിന്തുണ തേടുന്നു. നമുക്ക് നല്ലൊരു സമൂഹത്തെ ഒരുക്കിയെടുക്കാൻ കഴിയും.

ACE Scanner